പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 289 — 22.02.2015-ൽ മറുപടിയ്ക്ക്

**'കലാകാരന്മാരുടെ ക്ഷേമത്തിനായി കർമ്മപദ്ധതി'**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എൻ. പ്രതാപൻ:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. കെ. ശിവദാസൻ നായർ: | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി |
| (എ) സംസ്ഥാനത്ത് കലാകാരന്മാരുടെ ക്ഷേമത്തിനായി കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;<br>(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;<br>സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (എ), (ബി) & (സി) സാസ്കാരിക കാര്യ വകുപ്പിനു കീഴിലുളള വിവിധ വകുപ്പ്/ അക്കാദമി / കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖാന്തിരം കലാകാരന്മാർക്കായി താഴെ പരാമർശിക്കുന്ന വിവധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>നിലവിൽ 50 വയസ്സിന് മേൽ പ്രായമുള്ള സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കലാകാരന്മാർക്കും കലാകാരികൾക്കും പ്രതി മാസം 750/- (എഴുന്നൂറ്റി അൻപത്) രൂപ നിരക്കിൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തിരം പെൻഷൻ നൽകി വരുന്നു. കൂടാതെ വിവിധ അസുഖങ്ങൾ മൂലം കഷ്ടത അനുഭവിക്കുന്ന കലാകാരന്മാർക്കും കലാകാരികൾക്കും ചികിത്സ ധനസഹായം നൽകി വരുന്ന പദ്ധതി സർക്കാർ തലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രശസ്തരായ കലാകാരന്മാരുടെ ആശ്രിതർക്ക് പ്രതിമാസ ധനസഹായ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അർഹരായ 3020 പേർക്ക് 750 രൂപ വീതം പ്രതിമാസ ധനസഹായം നൽകി വരുന്നു. നടപ്പ സാമ്പത്തികവർഷം കലാകാര പെൻഷൻ ഇനത്തിൽ 2,66,85,000/- (രണ്ടുകോടി അറുപത്തിയാറുലക്ഷത്തി എൺപത്തി അയ്യായിരം) രൂപയും അടിയന്തിര ചികിത്സാ ധനസഹായ |

ഇനത്തിൽ 10,00,000/- (പത്ത് ലക്ഷം) രൂപയും വകയിരുത്തി യിട്ടുണ്ട്. അവശത അനുഭവിക്കുന്ന കലാകാരന്മാരെ സഹായിക്കുക എന്നുള്ളതാണ് ഈ പദ്ധതികളുടെ മുഖ്യ ലക്ഷ്യം.

കേരള ലളിതകലാ അക്കാദമി മുഖാന്തിരം കലാകാരന്മാർക്ക് ചികിത്സാ ധനസഹായം, ഏകാംഗ പ്രദർശന ധനസഹായം, കലാ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു.

കേരള ഫോക് ലോർ അക്കാദമി അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് ചികിത്സാ ധനസഹായവും നാടൻകലയിൽ ഏറ്റവും പ്രാവീണ്യം നേടിയ കലാകാരന്മാരെ ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരം, യുവനാടൻ കലാ പുരസ്കാരം, ഫോക് ലോർ എം.എ. ഒന്നാം റാങ്ക് ലഭിച്ചവർക്ക് അവാർഡ് എന്നിവ നൽകി വരുന്നുണ്ട്.

കേരള സംഗീത നാടക അക്കാദമി 2011 മുതൽ 3 വർഷത്തേയ്ക്ക് പ്രൊഫഷണൽ നാടകം, വാദ്യകല, കഥാപ്രസംഗം, മാജിക് എന്നീ മേഖലകളിലെ കലാകാരന്മാർക്ക് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷയും മെഡിക്ലെയിമും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി മുഖേന കലാകാരന്മാർക്ക് മെഡിക്ലെയിം ഇൻഷ്വറൻസ് 50,000/- (അൻപതിനായിരം) രൂപ വരെയും അപകടം മൂലം മരണം, പൂർണ്ണമായ അംഗവൈകല്യം എന്നീ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെയും, അപകടം മൂലമുള്ള താൽക്കാലിക അംഗ വൈകല്യമോ, പൂർണ്ണമായ ബെഡ്റെസ്റ്റോ ആവശ്യമുള്ള അവസരങ്ങളിൽ ആഴ്ചയിൽ 1000/- (ആയിരം) രൂപ വീതം പരമാവധി 100 ആഴ്ചവരെ നൽകുന്ന പദ്ധതിയാണ് നടപ്പിലാക്കി യിരുന്നത്. ഈ ക്ഷേമപ്രവർത്തനങ്ങൾ തുടർന്ന് കൊണ്ടുപോകുന്നതിന് 2015-2016 ബജറ്റിൽ "കലാകാരന്മാർ ക്കുള്ള ഇൻഷ്വറൻസ് വൈദ്യ പദ്ധതി" എന്ന സ്കീമിൽ

നാല്പതുലക്ഷം രൂപ കേരള സംഗീത നാടക അക്കാദമിക്ക് സർക്കാർ വകയിരുത്തിയിട്ടുണ്ട്.

സിനിമാ കലാകാരന്മാർക്ക് ചലച്ചിത്ര അക്കാദമി മുഖാന്തിരം പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രതിമാസം 1000 (ആയിരം) രൂപയാണ് പെൻഷൻ. 300 ഓളം പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. കൂടാതെ അടിയന്തിര ചികിത്സാ സഹായമായി പരമാവധി 25,000/-(ഇരുപത്തി അയ്യായിരം) രൂപ വരെ അനുവദിച്ചു വരുന്നു.

ഇതിനും പുറമെ സംസ്ഥാനത്ത് വിവിധ കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരോ ഏർപ്പെട്ടിരിക്കുന്നവരോ ആയ സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്ന തിനുമായി 2010–ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് വ്യവസ്ഥകൾ പ്രകാരം, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തനം നടത്തി വരികയാണ്. ആക്ട് വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള 2013 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം, വ്യവസ്ഥകൾക്കനു സൃതമായി അംശാദായം അടച്ച് അംഗത്വമെടുത്ത് 60 വയസ്സുകഴിഞ്ഞ കലാ സാംസ്കാരിക പ്രവർത്തകർക്ക് പെൻഷൻ നൽകിവരുന്നുണ്ട്. മിനിമം പെൻഷൻ ആയിരം രൂപയാണ്. ഇവയ്ക്കു പുറമേ അവശതാ പെൻഷൻ, ഫാമിലി പെൻഷൻ, ചികിത്സാ സഹായം, അംഗത്തിന്റെ /അംഗത്തിന്റെ പ്രായപൂർത്തിയായ പെൺ മക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം, മരണാനന്തരസഹായം, മക്കളുടെ വിദ്യാഭ്യാസ ത്തിന് സാമ്പത്തിക സഹായം, സ്കോളർഷിപ്പ്, പ്രസവാനുകൂല്യം എന്നിവയും പദ്ധതി വിഭാവനം ചെയ്യുന്നു. നിലവിൽ 1565 പേർക്ക്

പ്രതിമാസം 1000 (ആയിരം) രൂപ വീതം ബോർഡ് മുഖാന്തിരം പെൻഷൻ നൽകി വരുന്നു.ക്ഷേമപ്രവർത്തനങ്ങൾക്കായി ബോർഡിന് നാളിതുവരെ സർക്കാർ ആകെ 3,41,40,000/- (മൂന്നുകോടി നാല്പത്തിഒന്ന് ലക്ഷത്തി നാല്പതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ